നമ്പർ: ഇ3/8767/16.

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി ;- 27-01-2016

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം- സിഡിപിഒ/ഐസിഡിഎസ് സൂപ്പർവൈസർമാർ - അവധി അനുവദിക്കുന്നത് -സംബന്ധിച്ച് :-

സൂചന :-

2015-2016 സാമ്പത്തിക വർഷത്തിൻെ അവസാനപാദത്തിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായ ശിശു വികസന പദ്ധതി ഓഫീസർ/ ഐസിഡിഎസ് സൂപ്പർവൈസർ എന്നീ തസ്തികകളിൽ ജോലി നോക്കിവരുന്ന ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന പ്രവണത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ശിശുവികസന പദ്ധതി ഓഫീസർമാരും ഐസിഡിഎസ് സൂപ്പർവൈസർമാരും വകുപ്പിന്റെയും ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരാണെന്നിരിക്കെ ഇത്തരത്തിൽ സാമ്പത്തിക വർഷാവസാന സമയത്ത് കൂട്ടമായി അവധിയിൽ പ്രവേശിക്കുന്നത് സർക്കാരിന്റെ പദ്ധതി നിർവ്വഹണത്തിൽ തടസ്സം സ്യഷ്ടിക്കുന്നതിനും പദ്ധതി വിഹിതം നിശ്ചിത സമയത്തിന് ചെലവഴിക്കുകയെന്ന ലക്ഷ്യപ്രാപ്തി നേടുന്നതിന് സാദ്ധ്യമാക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു.

ടി സാഹചര്യത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാർ/ഐസിഡിഎസ് സൂപ്പർവൈസർമാർ എന്നിവരുടെ അവധി അപേക്ഷകൾ സ്വീകരിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള നടപടികൾ 31/03/2016 വരെ സ്വീകരിക്കേണ്ടതില്ല.

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അവധി അപേക്ഷകൾ ബന്ധപെട്ട അവധി അനുവദിക്കുന്നതിനുള്ള അധികാരികൾ വിശദമായി പരിശോധിച്ച് അടിയന്തരസാഹചര്യമുള്ള അസുഖമാണെങ്കിൽ മാത്രം അനുവദിക്കാവുന്നതും ആവശ്യമുള്ള പക്ഷം സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ പരിഗണനക്ക് വിടേണ്ടതും ആണ്. ശിശു വികസന പദ്ധതി ഓഫീസർമാർ അവധി അപേക്ഷകൾ പ്രോഗ്രാം ഓഫീസർ മുഖേനയേ സമർപ്പിക്കുവാൻ പാടുള്ളു. എല്ലാ പ്രോഗ്രാം ഓഫീസർമാരും അവധി അപേക്ഷകൾ വിശദമായി പരിശോധിച്ചതിന് ശേഷം അർഹതപ്പെട്ടവ മാത്രം ശുപാർശ ചെയ്ത് വകുപ്പ് അദ്ധ്യക്ഷന് സമർപ്പിച്ചാൽ മതിയാകുന്നതാണ്.

ടി വിഷയം എല്ലാ ജില്ലാ കാര്യാലയ മേധാവികളും, പ്രോഗ്രാം ഓഫീസർമാരും ശിശു വികസന പദ്ധതി ഓഫീസർമാരും വളരെ ഗൗരവമായി വീക്ഷിക്കേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത കാര്യാലയ മേധാവികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
ശിശു വികസന പദ്ധതി ഓഫീസർമാർക്കും
ഔദ്യോഗിക വെബ് സൈറ്റിലേക്ക്